# ദി ഫെർട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ് ട്രാൻവാൻകൂർ ലിമിറ്റഡ്

ഉദ്യോഗമണ്ഡൽ, ഏലൂർ - 683501

എസ്റ്റേറ്റ് ഡിപ്പാർട്ടുമെന്റ് - ഫോൺ: 0484-2567298,7598

## ലേല നോട്ടീസ്

SO(EST)-UC-367

ആഗസ്ററ് 27,2025

ഫാക്ട് ഉദ്യോഗമണ്ഡൽ ഡിവിഷൻ ഏരിയായിൽ ഫെഡോ, പിഡി ഡിവിഷനുകളുടെ അഡ്മിനിസ്ട്രേഷൻ ഓഫീസുകൾക്കു ചുറ്റും നിൽക്കുന്ന നമ്പറിട്ട 90 മരങ്ങൾ ഏഴ് ലോട്ടുകളായി സെപ്റ്റംബർ 10 രാവിലെ 10.30 ന് PD അഡ്മിനിസ്ട്രേഷൻ ബിൽഡിങ്ങിൽ വെച്ചു പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

മരങ്ങളുടെ എണ്ണം, നിൽക്കുന്ന സ്ഥലം, വിശദാംശങ്ങൾ എന്നിവ എസ്റ്റേറ്റ് ഓഫീസിൽ ലഭ്യമാണ്. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ഓരോ ലോട്ടിനും നിശ്ചയിച്ചിരിക്കുന്ന നിരതദ്രവ്യമായ തുക ഫാക്ട്, ഉദ്യോഗമണ്ഡൽ ഡിവിഷൻ, ഏലൂർ എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കേണ്ടതാണ്. ടി. മരങ്ങൾ മേൽപറഞ്ഞ സ്ഥലത്തുവച്ച് അധികാരപ്പെട്ട ഉദ്യോഗസ്ഥർ ലേലം ചെയ്തു വിൽക്കുന്നതാണ്.

കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിന്റെ പേരിൽ ലേലം താത്ക്കാലികമായി ഉറപ്പിക്കുന്നതും ലേലസംഖ്യ മുഴുവനും നിലവിലുള്ള ജി എസ് ടി, എഫ് ഡി ടി , ടി സി എസ്സ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് അടക്കം (ജി എസ് ടി -18%, ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് - 5%, ടാക്സ് കളക്റ്റഡ് അറ്റ് സോഴ്സ് - 2.5%, സെക്യൂരിറ്റി ഡെപ്പോസിറ്റ് - 10%) രണ്ടു ദിവസത്തിനുള്ളിൽ (13-09-2025 നു മുമ്പ്) ഉദ്യോഗമണ്ഡൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലെ ഫാക്ട് ഉദ്യോഗമണ്ഡൽ ഡിവിഷന്റെ അക്കൗണ്ടിൽ പണം അടച്ച് രസീത് എസ്റ്റേറ്റ് ഓഫീസിൽ ഹാജരാക്കുകയോ, ഫാക്ടിന്റെ അക്കൗണ്ടിലേക്ക് ജി എസ് ടി, എഫ് ഡി ടി, ടി സി എസ്സ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, അടക്കമുള്ള തുക ട്രാൻസ്ഫർ ചെയ്യുകയോ, ഫാക്ട്, ഉദ്യോഗമണ്ഡൽ ഡിവിഷൻ, ഏലൂർ എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കുകയോ വേണം. ലേലം സ്ഥിരപ്പെടുത്തി ഉത്തരവുകിട്ടിയാൽ ഉടൻ എസ്റ്റേറ്റ് ഓഫീസ് നിശ്ചയിക്കുന്ന മുൻഗണനപ്രകാരം മരങ്ങൾ വെട്ടി മരക്കൊമ്പുകൾ, ചില്ലക്കൊമ്പുകൾ ഉൾപ്പെടെ എല്ലാം നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പറഞ്ഞിരിക്കുന്ന ലോട്ടിലെ മുഴുവൻ മരങ്ങളും വെട്ടി 20 (ഇരുപത്) ദിവസത്തിനകം നീക്കം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം വൈകുന്ന ഓരോ ആഴ്ചയ്ക്കും മൊത്തം തുകയുടെ 0.5% ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കുന്നതാണ്.

ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് - 5% എന്നത് ലേലത്തുകയും ജി എസ് ടിയും ചേർന്ന തുകയ്ക്കാണ്. ടാക്സ് കളക്റ്റഡ് അറ്റ് സോഴ്സ് – 2.5% എന്നത് ലേലത്തുകയും ജി എസ് ടി, എഫ്

ഡി ടി എന്നിവയും ചേർന്ന തുകയ്ക്കാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് - 10% എന്നത് ലേലത്തുകയും ജി എസ് ടി, എഫ് ഡി ടി, ടാക്സ് കളക്റ്റഡ് അറ്റ് സോഴ്സ് എന്നിവയും ചേർന്ന തുകയ്ക്കാണ്. സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കുന്നത് നിരതദ്രവ്യം തുക കിഴിച്ച് അടച്ചാൽ മതിയാകുന്നതാണ്.

ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾ ഫാക്ട് ഉദ്യോഗമണ്ഡൽ എസ്റ്റേറ്റ് ഓഫീസിൽ നിന്ന് പ്രവൃത്തി സമയങ്ങളിൽ (തിങ്കളാഴ്ച്ച മുതൽ വെള്ളിയാഴ്ച്ച വരെ രാവിലെ 9 മണി മുതൽ വൈകീട്ട് 3.30 മണി വരെ, ശനിയാഴ്ച്ച (2,4 ശനിയാഴ്ചകൾ ഒഴികെ) രാവിലെ 9 മണി മുതൽ വൈകീട്ട് 3.30 മണി വരെ അറിയാവുന്നതാണ്. ലേലത്തിന് നേരിട്ട് പങ്കെടുക്കുന്നതിനു പകരം 09.09.2025, ചൊവ്വാഴ്ച ഉച്ചതിരിഞ്ഞ് 3 മണിയ്ക്കു മുമ്പായി ടെൻഡർ സമർപ്പിക്കാവുന്നതാണ്. ടെൻഡർ സമർപ്പിക്കാൻ താല്പര്യം ഉള്ളവർ കവറിൽ ഓഫീസർ (അഡ്മിനിസ്ട്രേഷൻ), ഫാക്ട് ലിമിറ്റഡ്, ഏലൂർ, ഉദ്യോഗമണ്ഡൽ പി. ഒ., എന്ന വിലാസത്തിൽ എത്തിക്കണം. വൈകി ലഭിക്കുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. കവറിൽ ലേല നോട്ടീസ് നമ്പർ, തീയതി, ടെൻഡർ എഴുതുന്ന ആളിന്റെ പേര്, വിലാസം, ഫോൺ നമ്പർ, എന്നിവ വ്യക്തമായി എഴുതിയിരിക്കണം. കവറിൽ നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യ തുകയുടെ ഡിഡി ഫാക്ട്, ഉദ്യോഗമണ്ഡൽ ഡിവിഷൻ, ഏലൂർ എന്ന പേരിൽ എടുത്ത്, തിരിച്ചറിയൽ രേഖയുടെ പകർപ്പ് എന്നിവ അടക്കം ചെയ്തിരിക്കണം. ലേലത്തിൽ പങ്കെടുത്ത ആളോ, ടെൻഡർ സമർപ്പിച്ച ആളോ എച്ച്-1 ആയി വന്നാൽ, അവർ അറിയിപ്പ് ലഭിച്ച് രണ്ടു ദിവസത്തിനുള്ളിൽ ടെൻഡർ തുകയും, ജി എസ് ടി, എഫ് ഡി ടി, ടി സി എസ്സ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ ചേർത്തു എസ് ബി ഐ, ഉദ്യോഗമണ്ഡൽ ബ്രാഞ്ചിലെ ഫാക്ടിന്റെ അക്കൗണ്ടിൽ അടച്ച് രസീത് എസ്റ്റേറ്റ് ഓഫീസിൽ ഹാജരാക്കുകയോ, ഫാക്ടിന്റെ അക്കൗണ്ടിലേക്ക് ജി എസ് ടി, എഫ് ഡി ടി, ടി സി എസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ്, അടക്കമുള്ള തുക ട്രാൻസ്ഫർ ചെയ്യുകയോ, ഫാക്ട്, ഉദ്യോഗമണ്ഡൽ ഡിവിഷൻ, ഏലൂർ എന്ന പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കുകയോ വേണം. അതിന് വീഴ്ച്ച വരുത്തിയാൽ അവരുടെ നിരതദ്രവ്യം തുക കമ്പനിക്ക് മുതൽകൂട്ടുന്നതാണ്. പിന്നീടുവരുന്ന കമ്പനിയുടെ ടെൻഡറുകളിൽ അവരെ പരിഗണിക്കുന്നതല്ല. അതിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. വിശദ വിവരങ്ങൾക്കായി എസ്റ്റേറ്റ് ഓഫീസുമായി ബന്ധപ്പെടുക. എന്തെങ്കിലും കാരണവശാൽ ലേല തീയതി സർക്കാർ അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടി. സ്ഥലത്തും ടി. സമയത്തും ലേലം നടത്തുന്നതാണ്. ഫാക്ടിന്റെ നിലവിലുള്ള എല്ലാ ലേല നിബന്ധനകളും ഇതിനു ബാധകമായിരിക്കും.

മേൽപറഞ്ഞിരിക്കുന്ന മരങ്ങൾ 2025 ആഗസ്ററ് 27, ബുധനാഴ്ച മുതൽ സെപ്റ്റംബർ 9, ചൊവ്വാഴ്ച വരെ ഉള്ള തീയതികളിൽ (തിങ്കളാഴ്ച്ച മുതൽ ശനിയാഴ്ച വരെ രാവിലെ 9 മണി മുതൽ വൈകീട്ട് 3.30 മണി വരെയും സെപ്റ്റംബർ 10ന് (ലേല ദിവസം ) രാവിലെ 9 മണി മുതൽ രാവിലെ 10 മണി വരെയും) ഓഫീസർ (എസ്റ്റേറ്റ്)-ന്റെ അനുവാദം വാങ്ങിയ ശേഷം പരിശോധിക്കാവുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുന്നവർ തിരിച്ചറിയൽ കാർഡിന്റെ അസ്സലും പകർപ്പും കൊണ്ടുവരേണ്ടതാണ്.

മേല്പടി ലേലം മുഴുവനായോ/ ഭാഗികമായോ വേണ്ടെന്നു വയ്ക്കാനോ, നീട്ടിവയ്ക്കാനോ ഉള്ള അധികാരം ഓഫീസർ (എസ്റ്റേറ്റ്)-ൽ നിക്ഷിപ്തമാണ്.

ശ്യാംകുമാർ എസ്
സീനിയർ ഓഫീസർ (എസ്റ്റേറ്റ്)
ഫാക്ട് ഉദ്യോഗമണ്ഡൽ ഡിവിഷൻ

ഏലൂർ
27.08.2025